**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 214** **13-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ ആധുനികീകരിക്കുന്നതിനും പരിശീലന, പഠനനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ ആധുനീകരിക്കുന്നതിനും, പരിശീലന, പഠന നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നിലവിൽ പ്രത്യേക പദ്ധതികൾ ഇല്ല. വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം പരമാവധി വിനിയോഗിച്ച് വ്യവസായിക പരിശീലന കേന്ദ്രങ്ങൽ ആധുനീകരിക്കുന്നതിനും, പരിശീലന, പഠന നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. വിവിധ ഐ.റ്റി.ഐ.കളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ഐ.റ്റി.ഐ.കളിലും ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ ലാബുകളും സജ്ജീകരിച്ചിട്ടുണ്ട്. ഐ.റ്റി.ഐ.കളിൽ കൂടുതൽ മെച്ചപ്പെട്ടതും, ഭാരത സർക്കാർ അംഗീകരിച്ച് DGT മുഖാന്തിരം നടപ്പിലാക്കുന്നതുമായ സിലബസാണ് നിലവിൽ പഠനത്തിനും, പരിശീലനത്തിനും പിന്തുടരുന്നത്. പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ ഇടുക്കി ജില്ലയിൽ നാട്ടുകാണി ഐറ്റിഐ-യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, കമ്പ്യൂട്ടർ പ്രോഗ്രാമർ കം പ്രോഗ്രാമിംഗ്, സോളാർ ടെക്നീഷ്യൻ ഇലക്ട്രിക്കൽ, മെക്കാനിക്കൽ മോട്ടോർ വെഹിക്കിൽ എന്നീ 4 അധിക ട്രേഡുകൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ വർക്ക് ഷോപ്പുകൾ, ഓഫീസ്, ക്ലാസ് മുറികൾ തുടങ്ങിയവയും പുതുതായി നിർമ്മിച്ചിട്ടുണ്ട്. നാട്ടുകാണി ഐറ്റിഐ വിപുലീകരണത്തിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനു ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇല്ലെങ്കിൽ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മത്സരശേഷി | (ബി) | ഉണ്ട്. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ |

| | | | |
|---|---|---|---|
| | വർദ്ധിപ്പിക്കുന്നതിനായി പരിശീലന കേന്ദ്രങ്ങളുടെ നിലവാരം കൂടുതൽ മെച്ചപ്പെടുത്താൻ പദ്ധതി തയ്യാറാക്കുമോ; വിശദമാക്കാമോ; | | ആധുനീകരിക്കുന്നതിനും, പരിശീലന, പഠന നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നിലവിൽ പ്രത്യേക പദ്ധതികൾ ഇല്ല. വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം പരമാവധി വിനിയോഗിച്ച് വ്യവസായിക പരിശീലന കേന്ദ്രങ്ങൾ ആധുനീകരിക്കുന്നതിനും, പരിശീലന, പഠന നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. വിവിധ ഐ.റ്റി.ഐ.കളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ഐ.റ്റി.ഐ.കളിലും ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ ലാബുകളും സജ്ജീകരിച്ചിട്ടുണ്ട്. ഐ.റ്റി.ഐ.കളിൽ കൂടുതൽ മെച്ചപ്പെട്ടതും, ഭാരത സർക്കാർ അംഗീകരിച്ച് DGT മുഖാന്തിരം നടപ്പിലാക്കുന്നതുമായ സിലബസാണ് നിലവിൽ പഠനത്തിനും, പരിശീലനത്തിനും പിന്തുടരുന്നത്. പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ ഇടുക്കി ജില്ലയിൽ നാടുകാണി ഐറ്റിഐ-യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, കമ്പ്യൂട്ടർ പ്രോഗ്രാമർ കം പ്രോഗ്രാമിംഗ്, സോളാർ ടെക്നീഷ്യൻ ഇലക്ട്രിക്കൽ, മെക്കാനിക്കൽ മോട്ടോർ വെഹിക്കിൾ എന്നീ 4 അധിക ട്രേഡുകൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ വർക്ക് ഷോപ്പുകൾ, ഓഫീസ്, ക്ലാസ് മുറികൾ തുടങ്ങിയവയും പുതുതായി നിർമ്മിച്ചിട്ടുണ്ട്. നാടുകാണി ഐറ്റിഐ വിപുലീകരണത്തിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനു ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കായി തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നത് ഈ വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽസാധ്യത സൃഷ്ടിക്കുമെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഐ.കളിൽ നിന്നും വിജയകരമായി പരിശീലനം പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ സാദ്ധ്യത ഒരുക്കുന്നതിനായി സംസ്ഥാന തലത്തിൽ തിരുവനന്തപുരത്ത് വച്ച് 2016, 2017, 2019 എന്നീ വർഷങ്ങളിൽ തൊഴിൽ മേളകൾ സംഘടിപ്പിച്ചിരുന്നു. വിവിധ തൊഴിൽ സ്ഥാപനങ്ങളും, ഉദ്യോഗാർത്ഥികളും പ്രസ്തുത തൊഴിൽ മേളകളിൽ പങ്കെടുക്കുകയും, സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഉദ്യോഗാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി വിവിധ സ്ഥാപനങ്ങളിൽ ജോലിക്കായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ്-19 അതിവ്യാപനത്തിന്റെ സാഹചര്യത്തിൽ 2020, 2021 വർഷങ്ങളിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ